# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - സെപ്റ്റംബർ 2017

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. ഓണപരീക്ഷ - സെപ്റ്റംബർ 10

ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷാചോദ്യപേപ്പർ 09-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 10-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് തലേ ഞായറാഴ്ച്ച പള്ളിയിൽ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.** പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

### 2. ജനറൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

### 3. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈ ൻമെന്റിന്റെ വിഷയം **'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'** എന്ന താണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാ നുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻ മെന്റിന് 8 പേജുകളും വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ, സാംസ്ക്കാരിക രംഗത്തെ സംഭാവനകൾ, ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ എന്ന മൂന്ന് അധ്യായങ്ങളും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

### 4. ആസ്പെക്ട്

2017-2018 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് **'ഭാരതകത്തോലി ക്കാസഭ ഇന്നലെയും ഇന്നും'** എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗ മാണ് ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നട ത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾക്ക് ഫൊറോനാ ഡയറക്ടർ അച്ചൻ നേതൃത്വം കൊടുക്കുമല്ലോ. ഈ വർഷത്തെ ധ്യാനത്തിന് നേതൃത്വം കൊടുക്കുന്നത് ബഹു. സോണി വടശ്ശേരി അച്ചനും ടീമംഗങ്ങ

ളുമാണ്. ടീമിനെ ക്രമീകരിക്കാൻവേണ്ടി ബഹു. സോണി വടശ്ശേരി അച്ചനു മായി ബന്ധപ്പെടുമല്ലോ. നവംബർ 30നകം എല്ലാ ഫൊറോനകളിലും ധ്യാനങ്ങൾ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**6. ഏകദിന സെമിനാർ**

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അധ്യാപ കർക്കായി നടത്തേണ്ട ആദ്യത്തെ സെമിനാർ ഇതിനോടകം എല്ലാ ഫൊറോനകളിലും നടന്നു കഴിഞ്ഞു. ക്ലാസുകൾ നയിച്ചവർക്കും ഫൊറോന കേന്ദ്രങ്ങളിൽ ക്ലാസുകൾ ക്രമീകരിക്കാൻ നേതൃത്വം കൊടുത്ത ബഹു. ഫൊറോന വികാരിയച്ചന്മാർക്കും ഫൊറോന കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി. രണ്ടാമത്തെ സെമിനാർ "ഭാരത കത്തോലിക്കാസഭ ഇന്നലെയും ഇന്നും" (ആസ്പെക്ട് ടെക്സ്റ്റ്) എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിന്റെ ക്ലാസ് ആയിരിക്കും.

**7. ആദരാജ്ഞലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വരക്കാട് സൺഡേ സ്കൂൾ അധ്യാപികയായിരുന്ന മേരി കണിപ്പള്ളിൽ ടീച്ചറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 24 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപിക എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. മേരി ടീച്ചറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ